**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **06-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല ഇടത്താവളം പ്രൊജക്റ്റ്, ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ദേവസ്വം വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ശബരിമല ഇടത്താവളം പ്രൊജക്റ്റ്, ശബരിമല മാസ്റ്റർപ്ലാൻ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; | (എ) | ദേവസ്വം വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന ശബരിമല ഇടത്താവളം പ്രോജക്ടിൽ ചുവടെ വിവരിക്കും പ്രകാരം 118.35 കോടി രൂപയുടെ പദ്ധതികളാണുള്ളത് . 1 . കഴക്കൂട്ടം ഇടത്താവളം - അടങ്കൽ തുക -9,61,33,491/- 2. നിലയ്ക്കൽ - അടങ്കൽ തുക - 39,79,87,952 /- 3. എരുമേലി - അടങ്കൽ തക - 14,44,57,653/- 4. ചെങ്ങന്നൂർ - അടങ്കൽ തുക - 10,47,34,375/- 5, ചിറങ്ങര - അടങ്കൽ തുക - 10,75,54,900/- 6 . മണിയൻ കോട് - അടങ്കൽ തുക -10,12,27,483/- 7. ശുകപുരം - അടങ്കൽ തുക - 8,58,21,074/- കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശബരിമല ഇടത്താവളം പദ്ധതികൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ എസ്. പി.വി. ആയും എൻ.ബി.സി.സിയെ പി.എം.സി ആയും ചുമതലപ്പെടുത്തിയിട്ടുണ്ട് . ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയ ഹൈപവർ കമ്മിറ്റിയാണ് നിർവഹിക്കുന്നത്. പദ്ധതിയ്ക്ക് പ്രതിവർഷം സർക്കാർ ധനസഹായം നല്കി വരുന്നു. നാളിതുവരെ 134.35 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം 2 8 കോടിരൂപ സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഒരു ലേ- ഓട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാ ൻ അനുസരിച്ചുള്ള ചുവടെ വിവരിക്കുന്ന 4 വർക്കുകൾ ഇപ്പോൾ നടന്നു വരുന്നു. 1) ഭസ്മക്കുളം അപ്ഗ്രഡേഷൻ 2) സന്നിധാനം ബയോ പ്ലാന്റ് 3) സന്നിധാനം ഡ്രിങ്കിംഗ് വാട്ടർ ഫൌണ്ടൻ 4 ) ഇൻഫ്രാസ്ട്രക്ചർ ഫോർ പോലീസ് ആന്റ് കെ.എസ്.ആർ.റ്റി.സി പേഴ്സണൽ. |

| | | | |
|---|---|---|---|
| (ബി) | ശബരിമല മാസ്റ്റർപ്ലാനിൽ പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതി ലഭ്യമാകാത്ത പദ്ധതികൾ ആരംഭിക്കുന്നതിന്  സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ശബരിമലയിൽ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28/06/2021ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29/06/2021 ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥ തലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർന്ന് 29/06/2021നും 9/07/2021നും 19/07/2021നും പ്രിൻസിപ്പൽ സെക്രറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 02/08/21 ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന്  ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ട് നല്കുന്നതിന് എതിർപ്പില്ലെന്ന് ബഹു.ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ശബരിമലയിൽ വനം വകുപ്പിന്റെ തർക്കം നിലനില്ക്കുന്ന പ്രദേശത്തിന്റെ സർവ്വേ നടപടികൾ അഡ്വക്കേറ്റ് കമ്മീഷണറും സർവ്വേ ഡിപ്പാർട്ട്മെന്റും സംയുക്തമായി ചെയ്ത് വരികയാണ്. സർവ്വേ നടപടികൾ പൂർത്തിയായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ